# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം


Volume: 04, Issue: 02

ഫെബ്രുവരി 27 തിങ്കൾ 2024

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


### രണ്ടാംകടവ് കോളനി

# തീരാദുരിതം പേറി...



*രണ്ടാംകടവ് കോളനി നിവാസികൾ പുഴ മുറിച്ചു കടക്കുന്ന വഴി*



*കോളനിയിലെ വറ്റി വരണ്ട ജലസ്രോതസ്സ്*



*മഴവെള്ളപാച്ചിലിൽ ഒലിച്ചുപോയ സ്ഥലം കാണിച്ചു തരുന്ന കോളനിവാസി ബിനു*

**ഡെനിൽ മാത്യൂ ജോൺ**

രണ്ടാംകടവ്: സഞ്ചരിക്കാൻ സുരക്ഷിതമായ ഒരു വഴിയില്ലാതെ ബുദ്ധിമുട്ടുകയാണ് രണ്ടാംകടവ് കോളനി നിവാസികൾ. പണിയ വിഭാഗത്തിലുള്ള എഴുപതോളംപേർ താമസിക്കുന്ന കോളനിയിലേക്ക് കാലങ്ങളായി വാഹനഗതാഗതം സാധ്യമാകുന്ന വഴിക്കപേക്ഷിച്ചിട്ടും ഇതുവരെ ഫലം കണ്ടിട്ടില്ല. പുഴയക്ക് കുറുകെ പാലം ഇല്ലാത്തതിനാൽ കോളനിയിൽ നിന്ന് കിടപ്പുരോഗികളെ ആശുപത്രിയിൽ എത്തിക്കുവാൻ ചുമക്കേണ്ടത് നിത്യസംഭവമാണ്.

കോളനിവാസികൾ കല്ലുകൾ വിരിച്ചു താത്കാലികമായി നിർമിച്ച ചപ്പാത്തിലൂടെയാണ് മറുകരയിലേക്ക് യാത്ര ചെയ്യുന്നത്. എന്നാൽ, മഴ കനത്താൽ സ്ഥിരം ഉപയോഗിക്കന്ന വഴിയിലൂടെ പുഴക്ക് മറുകരയിലേക്ക് സഞ്ചരിക്കാൻ സാധിക്കാത്തതിനാൽ ആറു കിലോമീറ്ററോളം അധികം നടന്നാണ് പ്രധാന റോഡിലെത്തുക. ഈ വർഷം ജനുവരി മാസം വാർഡ് മെമ്പർ എൽസമ്മ ജോസഫ്, പ്രദേശവാസി പുതുപ്പറമ്പിൽ ജോസ് എന്നിവരുടെ നേതൃത്വത്തിൽ വഴി നിർമാണത്തെ സംബന്ധിച്ച് യോഗം ചേർന്നിരുന്നു. എന്നാൽ സമീപവാസികൾ സ്ഥലം വിട്ടു കൊടുക്കാത്തതിനാൽ റോഡ് നിർമാണകാര്യത്തിൽ തീരുമാനം ആയില്ല.

പ്രശ്നങ്ങൾക്കു പരിഹാരമായി രണ്ടാംകടവ് സാംസ്കാരിക നിലയത്തിനു മുന്നിലൂടെയാണ് അധികാരികൾ റോഡ് നിർമിക്കാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ആറു കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടി വരുന്ന വഴി കൊണ്ട് കോളനിനിവാസികൾക്ക് യാതൊരുവിധ ഉപകാരവും ഇല്ല.' കോളനിനിവാസി കുട്ടപ്പൻ പറഞ്ഞു.

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ രണ്ടാംകടവ് കോളനിയിലേക്ക് പാത നിർമാണ പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ, വഴി കടന്നു പോകേണ്ട ഭൂമി ജനറൽ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ആയതുകൊണ്ട് എസ് ടി ഫണ്ട് വിനിയോഗിക്കാൻ നിയമ തടസങ്ങൾ ഉണ്ട്. കോളനിയിലേക്ക് ഒരു പാലം അനിവാര്യമാണ്. പാലനിർമാണത്തിനായി പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ശ്രമങ്ങൾ നടക്കുന്നുണ്ട്. പക്ഷേ ട്രൈബൽ ഓഫീസർ അത് പരിഗണിക്കാത്തത് കൊണ്ട് താൽക്കാലികമായി ഫയൽ അടച്ചിരിക്കുകയാണ്'. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പറഞ്ഞു.

സഞ്ചരിക്കാൻ സുരക്ഷിതമായ വഴിയോടൊപ്പം തന്നെ കെട്ടുറപ്പുള്ള താമസസൗകര്യം, കുടിവെള്ളം, വിശപ്പടക്കാൻ ഭക്ഷണം, വൈദ്യുതി ലഭ്യത തുടങ്ങി മറ്റടിസ്ഥാന ആവശ്യങ്ങളിലും ക്ലേശം നേരിടുകയാണ് കോളനിനിവാസികൾ.

### ശുദ്ധജലക്ഷാമം

വേനൽക്കാലമായാൽ ജലക്ഷാമം രൂക്ഷമാണ് കോളനിയിൽ. സ്വന്തമായി ഒരു കിണർ ഇന്നും അന്യമാണ്. സമീപത്തെ ഓലിയിൽ നിന്നു ശേഖരിക്കുന്ന കുടിവെള്ളം വറ്റിയാൽ മറ്റു ദൂരപ്രദേശങ്ങളിൽ നിന്ന് വെള്ളം ചുമന്നു എത്തിക്കുകയാണ് പതിവ്.

### അവഗണനയുടെ ഇരുട്ട്

കോവിഡ് കാലത്തു വരുമാന മാർഗങ്ങൾ നിലച്ചതിനാൽ വൈദ്യുത ബില്ല് അടയ്ക്കാത്തതിനാൽ അധികൃതർ കോളനിയിലെ വൈദ്യുതി കണക്ഷനുകൾ വ്യാപകമായി വിച്ഛേദിച്ചു. അന്നുമുതൽ ഭൂരിഭാഗം വീടുകളിലും വൈദ്യുതിയില്ല. രാത്രികാലത്തു എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ വെളിച്ചം പോലും അന്യമാണ് ഇവർക്ക്. മഴക്കാലം കൂടി ആകുമ്പോൾ ഭീതി ഇരട്ടിക്കും.

### പ്രാഥമിക അസൗകര്യങ്ങൾ


പതിനഞ്ചോളം കുടുംബങ്ങൾ താമസിക്കുന്ന കോളനിയിൽ മതിയായ ശൗചാലയസൗകര്യങ്ങളില്ല. നാല് ശൗചാലയങ്ങളാണ് ആകെയുള്ളത്. എന്നാലിത് ജനസംഖ്യ കൂടുതലുള്ള കോളനിയിൽ ആവശ്യത്തിനില്ല. ജനസംഖ്യക്ക് ആനുപാതികമായി കൂടുതൽ ശൗചാലയങ്ങൾ നിർമിച്ചു നൽകണമെന്നാന്ന് കോളനിവാസികളുടെ ആവശ്യം.

### വറുതിയൊഴിയാത്ത വർഷം

തോടിന് അരികുഭിത്തിയില്ലാത്തതിനാൽ മഴക്കാലത്ത് കുത്തിയൊലിച്ചു വരുന്ന മലവെള്ളം കോളനിയിലേക്ക് ഒഴുകുന്നത് കോളനിനിവാസികളുടെ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. തോടിന്റെ അരിക് കരിങ്കല്ല് ഉപയോഗിച്ച് കെട്ടിത്തരാൻ അധികാരികളോട് ആവശ്യപ്പെട്ടെങ്കിലും ഫലമുണ്ടായില്ല.

## അരികിടിഞ്ഞ് ഹോസ്റ്റൽ റോഡ്

**ശ്രീക്കുട്ടി ചന്ദ്രൻ**



അനപ്പന്തി ഹോസ്റ്റൽ റോഡ് അരികിടിയുന്ന കുണ്ടൂർ പുഴയുടെ ഭാഗം

ആനപ്പന്തി കോളേജ് ഹോസ്റ്റൽ റോഡിൽ തോടിനോട് ചേർന്ന ഭിത്തി ഇടിയുന്നു. 2019 ലെ വെള്ളപ്പൊക്ക സമയത്ത് ക്രമാതീതമായി വെള്ളമുയർന്നതിനെ തുടർന്നാണ് ഈ ഭാഗങ്ങൾ ഇടിഞ്ഞു തുടങ്ങിയത്.

ഇതിൽ സ്വകാര്യവ്യക്തി പി ഇ തോമസിന്റെ പറമ്പിലാണ് കൂടുതലായും ഇടിയുന്നത്. തോടിന്റെ വശങ്ങൾക്ക് സംരക്ഷണ ഭിത്തി ഇല്ലാത്തതും വെള്ളപ്പൊക്കത്തിന് ശേഷം വെള്ളം മാറിയൊഴുകുന്നതുമാണ് ഭിത്തി ഇടിയുന്നതിന് പ്രധാന കാരണങ്ങൾ.

മണ്ണിടിച്ചിലിനെ തുടർന്ന് എട്ടു മീറ്റർ വീതിയുണ്ടായിരുന്ന റോഡിന്റെ ഭാഗം ഇപ്പോൾ ആറു മീറ്ററായി ചുരുങ്ങി. റോഡിന്റെ താഴോട്ടുള്ള ഭാഗം എന്റെ സ്ഥലമാണ്. ഇപ്പോൾ അടിഭാഗത്ത് ഇടിഞ്ഞിടിഞ്ഞു മുകൾ ഭാഗത്തേക്ക് എത്താറായി. രണ്ടുവർഷമായി പരാതി നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ പരിഹാരമായിട്ടില്ല. പി ഈ തോമസ് പറഞ്ഞു.

## മികച്ച സ്കൂളായി എടൂർ സെൻറ് മേരീസ് എച്ച് എസ് എസ്

**തലശ്ശേരി അതിരൂപത കോപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ 2023 24 വർഷത്തെ മികച്ച സ്കൂളായി എടൂർ സെൻറ് മേരീസ് എച്ച് എസ് എസ്.**

**സാന്ദ്ര സ്വതന്ത്രരാജ്**

തലശ്ശേരി അതിരൂപത കോപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ 2023 24 വർഷത്തെ മികച്ച സ്കൂളായി എടൂർ സെൻറ് മേരീസ് എച്ച് എസ് എസ്. മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഏജൻസിക്ക് കീഴിലുള്ള സ്കൂളുകളിുടെ കാറ്റഗറിയിലാണ് എടൂർ സെൻറ് മേരീസ് എച്ച് എസ് എസ് സ്കൂൾ ഒന്നാം സ്ഥാനം കൈവരിച്ചത്.

ഒരദ്ധ്യയന വർഷത്തിൽ അക്കാദമിക് തലങ്ങളിലെ നേട്ടം, ഇൻസ്പയർ സ്കോളർഷിപ്പുകൾ, കലാകായികം, അച്ചടക്കം, സ്കൂളിന്റെ അന്തരീക്ഷം, സ്കൂളും സമൂഹവുമായുള്ള ബന്ധം, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുതകുന്ന ഇരുപതോളം കാര്യങ്ങളിലെ വ്യക്തമായ പുരോഗതിയെ പരിശോധിച്ചാണ് മികച്ച സ്കൂളിനെ തിരഞ്ഞെടുക്കുന്നത്.

അക്കാദമിക് രംഗത്ത് മികച്ച നേട്ടം കൈവരിച്ച എടൂർ സ്കൂൾ തലശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷയെഴുതിയ സ്കൂളാണ്. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ എ പ്ലസ് കരസ്ഥമാക്കിയ സ്കൂൾ, ഹയർ സെക്കൻഡറി പൊതു പരീക്ഷയിൽ 76 എ പ്ലസ് നേടുകയും പ്ലസ് വൺ പൊതു പരീക്ഷയിൽ മൂന്നു വിദ്യാർത്ഥികൾ മുഴുവൻ മാർക്കും കരസ്ഥമാക്കുകയും ചെയ് തിട്ടുണ്ട്. കണ്ണൂർ റെവന്യൂ ജില്ലാ കലോത്സവത്തിൽ 100 പോയിന്റിനു മുകളിൽ നേടിയ ഇരിട്ടി സബ് ജില്ലയിലെ ഒരേയൊരു സ്കൂളാണ് എടൂർ സെൻറ് മേരീസ് ഹയർ സെക്കൻഡറി. 28 വിദ്യാർത്ഥികൾ സംസ്ഥാനത്തും ദേശീയതലത്തും പങ്കെടുത്ത് വിജയം കരസ്ഥമാക്കിയിട്ടുണ്ട്.

ഈ അദ്ധ്യയന വർഷം 'കൂട്ട്' എന്ന പേരിൽ ഹൃദയാരാം ക മ്മ്യൂണിറ്റി സെന്ററുമായി ചേർന്ന് മുഴുവൻ വിദ്യാർത്ഥികൾക്കും ആറ് ദിവസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് പരിപാടി സ്കൂൾ നടത്തിയിരുന്നു. എല്ലാവർഷവും നടത്തി വരുന്ന കൗൺസിലിംഗ് പരിപാടിയുടെ ഈ വർഷത്തെ വിഷയം വിദ്യാർത്ഥികളുടെ പരീക്ഷയോട് അനുബന്ധിച്ചും അവരുടെ ഭാവി നിർണയത്തിനു വേണ്ടിയുള്ളതും ആയിരുന്നു.

സ്കൂൾ കലാരംഗത്തും കായികരംഗത്തും മികവു പുലർത്തിയിട്ടുണ്ട്. ഇരിട്ടി സബ് ജില്ല കലാമേള കിരീടം ലഭിക്കുകയും സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്ത പതിനേഴ് വിദ്യാർഥികൾക്കും എ ഗ്രേഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഉയർന്ന വിജയശതമാനം, കലാകായിക രംഗത്തെ നേട്ടങ്ങൾ, അച്ചടക്കസംബന്ധമായ കാര്യങ്ങളിലെ മികവെല്ലാമാണ് തലശ്ശേരി അതിരൂപത കോപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ മികച്ച സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടതിന് പിന്നിൽ'. പ്രിൻസിപ്പാൾ ലിൻസി സാം പറഞ്ഞു.

# എഡിറ്റോറിയൽ

## വിദ്യാഭ്യാസം സമഗ്ര വികസനമാവട്ടെ...

കുട്ടികളുടെ സമഗ്രമായ വികസനം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം ഒരു മൂലക്കല്ലായി വർത്തിക്കുന്നു. കുട്ടികളുടെ ബൗദ്ധികവും വൈകാരികവും സാമൂഹികവും ശാരീരികവും ധാർമ്മികവുമായ മാനങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെ അവരുടെ സമഗ്രമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാഭ്യാസം ലക്ഷ്യമിടുന്നു. വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത, സഹാനുഭൂതി, പ്രതിരോധശേഷി, ആശയവിനിമയ കഴിവുകൾ, ധാർമ്മിക മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കാൻ അക്കാദമിക് നേട്ടങ്ങൾക്കപ്പുറം പോകുക എന്നാണ് ഇതിനർത്ഥം.

ഫലപ്രദമായ വിദ്യാഭ്യാസ സമ്പ്രദായം പാഠപുസ്തകങ്ങൾക്കും പരീക്ഷകൾക്കും അപ്പുറം ഒരു കുട്ടിയുടെ എല്ലാ വശവും പരിപോഷിപ്പിക്കേണ്ടതുണ്ട്. സമഗ്രവികസനം എന്നറിയപ്പെടുന്ന ഈ സമഗ്ര സമീപനം ആരോഗ്യകരമായ ബന്ധങ്ങൾ വളർത്തിയെടുക്കാനും സമ്മർദ്ദത്തെ നേരിടാനും ശക്തമായ ആത്മാഭിമാനം വളർത്തിയെടുക്കാനും വിദ്യാർത്ഥികളെ സഹായിക്കുന്നു. ഇത്തരത്തിലൊരു വിദ്യാഭ്യാസരീതി പിന്തുടരുന്നതു കൊണ്ടുമാത്രമാണ് മികച്ച സ്കൂളായി മാറാൻ എടൂർ സ്കൂളിനു കഴിഞ്ഞത്. കാരണം ഇവിടെ വിദ്യാഭ്യാസം ഉത്തരവാദിത്തം ഉൾക്കൊള്ളുന്നതും വൈവിധ്യപൂർണ്ണവുമായ ഒരു സംസ്കാരം വളർത്തിയെടുക്കുന്നതും മറ്റുള്ളവരുടെ കാഴ്ചപ്പാടുകളോടുള്ള ആദരവ് പ്രോത്സാഹിപ്പിക്കുന്നതുമാണ്.

ഇത്തരം വിദ്യാഭ്യാസ രീതി പിന്തുടരുന്നതിലൂടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ അഭിവൃദ്ധി പ്രാപിക്കാനും സമൂഹത്തിന് ക്രിയാത്മകമായി സംഭാവന ചെയ്യാൻ കഴിവുള്ള നന്നായി പൊരുത്തപ്പെടുത്തപ്പെട്ട വ്യക്തികളാകാനും വിദ്യാർത്ഥികൾ പ്രാപ്തരാവുന്നു. അവരിൽ ആഗോള പൗരത്വം വളർത്തപ്പെടുകയും ചെയ്യുന്നു.

-എഡിറ്റർ

# മാതൃകാധ്യാപകൻ

ബി ഗീതു



1998 മുതൽ കോർപ്പറേറ്റ് ഏജൻസിയുടെ മുതൽക്കൂട്ടായി മാറിയ അധ്യാപകൻ, 2000 മുതൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ മികച്ച ചരിത്ര അധ്യാപകൻ, കണ്ണൂർ പ്രിൻസിപ്പൽ ഫോറം അംഗം, 2015 – 16 വർഷത്തെ കണ്ണൂർ ജില്ല മികച്ച നല്ല പാഠം കോഡിനേറ്റർ അവാർഡ്, സാമൂഹ്യശാസ്ത്ര മേളകളിലെ വിജയശില്പി, കലാകായിക പ്രവർത്തനങ്ങളുടെ നട്ടെല്ല്, മികച്ച എ. ഡി. എസ്. യു. പ്രവർത്തക പുരസ്കാരം, പഠിപ്പിച്ച എല്ലാ വിഷയങ്ങളും 100% വിജയം തുടങ്ങി ഇന്നിതാ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സെലൻസ് അവാർഡ് ജേതാവ്; എടൂർ സ്വദേശി പാരിക്കാപ്പള്ളിൽ ജോർജ്ജ് സർ.

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർസെക്കഡറി സ്കൂൾ പ്രിൻസിപ്പാളായ കുട്ടികളുടെ സ്വന്തം ജോഷി സർ. ജോഷി സാറിനു ലഭിച്ച പുരസ്കാരങ്ങളുടെയും നേട്ടങ്ങളുടെയും നിര നീളുന്നത് അദ്ദേഹത്തിന്റെ ആത്മാർത്ഥമായ അധ്വാനം ഒന്നു കൊണ്ട് മാത്രമാണ്. ഒരു വിദ്യാർത്ഥിക്ക് കിട്ടാവുന്ന ഏറ്റവും വലിയ പാഠപുസ്തകം ഒരു നല്ല അധ്യാപകനാണ്. അറിവിന്റെ മുത്തുകൾ തേടി അക്ഷര ലോകത്തേക്ക് എത്തുന്ന അനേകം വിദ്യാർത്ഥികളിൽ അക്ഷര വെളിച്ചം പകരാൻ അക്ഷീണം പ്രവർത്തിക്കുന്ന മാതൃകാധ്യാപകരിലൊരാളാണ് ഇദ്ദേഹം.

കഴിഞ്ഞ 10 വർഷമായി അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിന്റെ ഓരോ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായി ഇപ്പോൾ പ്രധാന അധ്യാപകനായി തന്റെ സേവനം തുടരുന്നു. പഠനപാഠ്യേതര വിഷയങ്ങളിലെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ വിവിധ മേഖലകളിൽ വിദ്യാർത്ഥികളുടെ കഴിവ് വർദ്ധിപ്പിക്കുവാനും അവരെ ഉന്നതതലങ്ങളിലെത്തിക്കുവാനും ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

'കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളിലെ വിദ്യാഭ്യാസകാലം മുതൽക്കാണ് അധ്യാപനത്തോട് തീവ്രമായ ആഗ്രഹവും ഉടലെടുത്തത്. ക്ലാസ് ലീഡർ എന്ന നിലയിൽ എല്ലാ കുട്ടികളുമായി ഇടപഴകുവാനും ആശയങ്ങൾ സംവദിക്കുവാനുമൊക്കെ സാധിച്ചത് പതിയെ അധ്യാപനത്തോടുള്ള താത്പര്യം ഒത്തിരി വളർത്തി. ഈ താത്പര്യത്തോടുകൂടി കരിക്കോട്ടരി സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കൂത്തുപറമ്പ് നിർമലഗിരി കോളേജിൽ പ്രീഡിഗ്രിയും ഡിഗ്രിയും തുടർന്ന് മണിപ്പാൽ ഡോ. ടി. എം. എ. പൈ കോളേജിൽ നിന്ന് ബി എഡും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി'. ജോഷി സർ പറയുന്നു.

1968 ൽ കണ്ണൂർ ജില്ലയിലെ എടൂരിൽ പാരിക്കാപ്പള്ളിൽ എബ്രഹാം അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ച ജോഷി സർ ഭാര്യ കരിക്കോട്ടകരി യുപി സ്കൂൾ അധ്യാപിക കെ ജെ എലിസബത്തിനും മക്കളായ ആൻ മരിയ, ലിസ് മരിയ, ക്രിസ്റ്റീന എന്നിവരോടുമൊപ്പം എടൂരിൽ താമസിക്കുന്നു.

# തടയണകൾ നിർമിച്ചു

സാന്ദ്ര സ്വതന്ത്രരാജ്

ആനപ്പന്തി: വരൾച്ച പ്രതിരോധിക്കുക, ജലം സംരക്ഷിക്കുക എന്ന ലക്ഷ്യങ്ങളോടെ പഞ്ചായത്തിലെ ഓരോ വാർഡുകളിലും ഒരു തടയണ വീതം നിർമ്മിച്ചു നൽകുന്ന പദ്ധതിയുടെ ഭാഗമായി ആനപ്പന്തി പാലത്തിനു കീഴിൽ താൽകാലിക കൽ തടയണ നിർമിച്ചു. തടയണ നിർമാണ പ്രവൃത്തി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ ഉദ്ഘാടനം ചെയ്തു.

'പഞ്ചായത്തിലെ പതിനാറു വാർഡുകളിലും ഓരോ തടയണ വീതം നിർമിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പതിനാലാം വാർഡ് ആയ ആനപ്പന്തിയിലാണ് ആദ്യ തടയണ നിർമിച്ചത്'. പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളികുന്നേൽ പറഞ്ഞു.

വൈസ് പ്രസിഡന്റ് ബീന റോജസ്, വാർഡ് മെമ്പർ ലിസി തോമസ്, അക്രഡിറ്റഡ് എൻജിനീയർ ആകാശ് ജോസ്, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പ്രവൃത്തിക്ക് നേതൃത്വം നൽകി.

വാഴക്കുണ്ട്: തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അയ്യൻകുന്ന് പഞ്ചായത്തിലെ കുണ്ടൂർ പുഴയിൽ വാഴക്കുണ്ട് ഭാഗത്ത് തടയണ നിർമിച്ചു. അയ്യൻകുന്ന് പഞ്ചായത്ത് പതിനാല്, പതിനഞ്ച് വാർഡുകളിലെ മെമ്പർമാരായ ലിസി വലിയതൊട്ടി, ഫിലോമിന കണ്ണംകുളം എന്നിവർ സംയുക്തമായി നിർമാണ പ്രവർത്തി ഉദ്ഘാടനം ചെയ്തു.

തൊഴിലുറപ്പ് തൊഴിലാളികളും ഡോൺ ബോസ്കോ കോളേജിലെ എൻ എസ് എസ് വോളണ്ടിയർമാരും പൊതുജനങ്ങളും ചേർന്ന് നടത്തിയ തടയണ നിർമാണത്തിൽ അമ്പതിലധികം പേർ പങ്കെടുത്തു.

അങ്ങാടിക്കടവ് കോളേജിലെ എൻ എസ് എസ് യൂണിറ്റ് കോ ഓർഡിനേറ്റർ ജെയിനി എൻ ജോർജ്, എൻ. എസ്. എസ്. യൂണിറ്റ് ഭാരവാഹികളായ അദൈത് ലതീഷ്, ഓസ്റ്റിൻ മനോജ്, കെ ശരിമിക, ബിൻസി ടി വിൽസൺ എന്നിവർ പ്രവർത്തിക്ക് നേതൃത്വം നൽകി.

# യൂസർ ഫീ കളക്ഷൻ പ്രഖ്യാപിച്ചു

ശ്രീക്കുട്ടി ചന്ദ്രൻ

അങ്ങാടിക്കടവ്: അയ്യൻകുന്ന് പഞ്ചായത്ത് ഹരിത കർമ്മ സേന അജൈവമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും യൂസർ ഫീ കളക്ഷനും നൂറു ശതമാനം നേടിയതിന്റെ പ്രഖ്യാപനം നടത്തി. സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ചതിനുശേഷം ഹരിത കർമ്മ സേനയുടെ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്ന് പിരിക്കുന്ന തുകയാണ് യൂസർ ഫീ കളക്ഷൻ എന്നു പറയുന്നത്. മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെയും ശുചിത്വമിഷന്റെയും ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ നൂറു ശതമാനം യൂസർ ഫീ കളക്ഷൻ പ്രഖ്യാപനം നടത്തി. തുടന്ന് ഈ നേട്ടം കൈവരിക്കുന്നതിന് വേണ്ടി പ്രവർത്തിച്ച പഞ്ചായത്തിലെ പതിനാറ് വാർഡുകളിലെ മുപ്പത്തിരണ്ട് ഹരിതകർമ്മ സേനാ പ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു.




*അയ്യൻകുന്ന് പഞ്ചായത്ത് ഹരിത കർമ്മ സേന യൂസർ ഫീ കളക്ഷൻ നൂറു ശതമാനം നേടിയതിന്റെ പ്രഖ്യാപനം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.വേലായുധൻ നിർവഹിക്കുന്നു*

ഹരിത കേരളം മിഷൻ ജില്ലാ റിസോഴ്സ് പേഴ്സൺ ജയപ്രകാശ് പന്തക്ക, പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളികുന്നേൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന റോജസ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ഐസക്ക് ജോസഫ്, സീമ സനോജ്, സിന്ധു ബെന്നി, പഞ്ചായത്ത് സെക്രട്ടറി കെ. രാജിവൻ എന്നിവർ സംസരിച്ചു.

കുടുംബശ്രീ സി.ഡി.എസ് പ്രതിനിധികൾ, ഹരിത കർമ്മ സേനാംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

മുട്ടഗ്രാമം പദ്ധതി

# കോഴികളെ വിതരണം ചെയ്തു

ബി ഗീതു

അയ്യൻകുന്ന് പഞ്ചായത്തിലെ 2023 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുട്ട ഗ്രാമം പദ്ധതി ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പദ്ധതി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിൽ മുട്ട സ്വയം പര്യാപ്തത നേടുക ലക്ഷ്യം മുൻനിർത്തി കർമ്മസമിതി ആരംഭിച്ച പദ്ധതി പ്രകാരം പഞ്ചായത്തിലെ 830 കുടുംബങ്ങൾക്ക് 5 വീതം കോഴികളെ സൗജന്യമായി നൽകി. പദ്ധതിക്ക് വേണ്ടി 5 ലക്ഷത്തി ഇരുപത്തി മൂന്നായിരത്തിഇരുനൂറ്റിഅമ്പത് രൂപയാണ് പഞ്ചായത്ത് നീക്കി വെച്ചിരിക്കുന്നത്. പ്രസ്തുത പരിപാടിയിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മാരായ സിന്ധു ബെന്നി, സെലീന ബിനോയ് ഇഞ്ചിയറമ്പിൽ, വാർഡ് മെമ്പർ ജോസ് എ വൺ എന്നിവർ പങ്കെടുത്തു.




*പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ മുട്ട ഗ്രാമ പദ്ധതി ഉദ്ഘാടനം ചെയ്യുന്നു.*

# ആഹ്ലാദത്തിലേറി കളിയുഞ്ഞാൽ

ബി ഗീതു

അയ്യൻകുന്ന് പഞ്ചായത്തിലെ അംഗൻവാടി കുട്ടികൾക്കായി കളിയുഞ്ഞാൽ എന്ന പേരിൽ അംഗനവാടി കലോത്സവം നടത്തി. പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

കുട്ടികളിലെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടന്ന കളിയുഞ്ഞാൽ കലോത്സവ പരിപാടിയിൽ പഞ്ചായത്തിനു കീഴിലുള്ള 25 അംഗൻവാടികളിൽ നിന്നും വന്ന കുട്ടികൾ വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിക്കുകയും പങ്കെടുത്ത എല്ലാ കുട്ടികൾക്കും പഞ്ചായത്ത് പ്രസിഡന്റ് മെഡൽ സമ്മാനമായി നൽകുകയും ചെയ്തു.

കളിയുഞ്ഞാൽ കലോത്സവ പരിപാടിയിൽ കുട്ടികളുടെ മാതാപിതാക്കൾക്കും അധ്യാപകർക്കുമൊപ്പം ഐ. സി. ഡി. എസ് സൂപ്പർവൈസർ കെ. ഗീത, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ് എന്നിവർ പങ്കെടുത്തു.

'കുട്ടികളിലെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുക, അവയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് കളിയുഞ്ഞാൽ അംഗനവാടി കലോത്സവം നടത്തുന്നത്'. മരുതംചാൽ അംഗനവാടി അധ്യാപിക പി.ടി ഉഷ പറഞ്ഞു.

# എല്ലാ കുടുംബങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ

ബി ഗീതു

ഈന്തുങ്കരി: അയ്യൻകുന്ന് പഞ്ചായത്ത് ഏഴാം വാർഡ് ഈന്തുംകരിയിലെ മുഴുവൻ കുടുംബങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കി. വാർഡ് അംഗം ജോസ് എവൺ വാർഡിലെ മുഴുവൻ കുടുംബങ്ങളും പ്രധാനമന്ത്രി ജീവൻ സുരക്ഷ ഇൻഷുറൻസ് പദ്ധതിക്ക് കീഴിൽ വരുന്ന പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, ജീവൻ ജ്യോതി ഭീമാ യോജന എന്നീ സ്കീമുകളുടെ ഗുണഭോക്താക്കളായാണ് മാറിയത്.

കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന വികസിത് ഭാരത് സങ്കല്പ യാത്രയുടെ ഭാഗമായാണ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയത്.

ജോസ് എ വൺ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജില്ലാ ബാങ്ക് മാനേജർ ഇ. പ്രശാന്ത് സമ്പൂർണ്ണ സുരക്ഷാ പ്രഖ്യാപനം നടത്തി. രേഖകൾ ജോസ് എ വൺ ബാങ്ക് മാനേജർ അമ്പിളി ജെയിംസിന് കൈമാറി

70 വയസ്സ് വരെ പ്രായപരിധിയുള്ള സുരക്ഷാ ബീമാ യോജനയിൽ 20 രൂപയാണ് വാർഷിക തുക. അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും, മരണം സംഭവിച്ചാൽ രണ്ടുലക്ഷം രൂപയുമാണ് നഷ്ടപരിഹാരം.

ജീവൻ ജ്യോതി ഭീമ യോജന പദ്ധതിയിൽ 436 രൂപയാണ് വാർഷിക തുക. പ്രസ്തുത പദ്ധതി പ്രകാരം അംഗവൈകല്യമേറ്റവർക്ക് ഒരു ലക്ഷം രൂപയും സ്വാഭാവിക മരണത്തിലുൾപ്പെടെ മരണാനന്തരം ആശ്രിതർക്ക് രണ്ടു ലക്ഷം രൂപയുമാണ് നഷ്ടപരിഹാരം.

വാർത്തകൾക്കും പരസ്യങ്ങൾക്കും
വിളിക്കുക – 9496698531

| എഡിറ്റോറിയൽ ടീം ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: ശ്രീക്കുട്ടി ചന്ദ്രൻ | സബ് എഡിറ്റേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ബി ഗീതു, ശ്രീക്കുട്ടി ചന്ദ്രൻ, ഡെനിൽ മാത്യു ജോൺ | ഫോട്ടോഗ്രാഫേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ബി ഗീതു, ശ്രീക്കുട്ടി ചന്ദ്രൻ, ഡെനിൽ മാത്യു ജോൺ | ഡിസൈൻ : ശ്രീക്കുട്ടി ചന്ദ്രൻ.